MONDAY

24/11/2025

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : SINDHU. KS** **Editor : Dr. V. Krishnadas**



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/11/2025

1. കേരള കാർഷിക സർവകലാശാലയിലെ കാർഷിക കോളേജ് തൃശ്ശൂർ വെള്ളാനിക്കരയ്ക്ക് കീഴിലുള്ള തോട്ട സുഗന്ധ വിള വിഭാഗത്തിൽ WCT ഇനത്തിൽ പെട്ട ഗുണമേന്മയുള്ള തെങ്ങിൻ തൈകളും, 3-4 മാസം പ്രായമുള്ള ജാതി തൈകളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **8921855655, 9400191539** എന്നീ നമ്പറുകളിൽ പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെടുക.

2. കോട്ടയം എംജി സർവകലാശാലാ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജിയുടെ നേതൃത്വത്തിൽ പ്ലാന്റ് ടിഷ്യുകൾച്ചർ മേഖലയിലെ സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള **ത്രിദിന ശിൽപശാല 27 മുതൽ 29 വരെ** സർവകലാശാലയിൽ നടക്കും. വിദ്യാർഥികൾക്ക് 2000 രൂപയും മറ്റുള്ളവർക്കു 3000 രൂപയുമാണു ഫീസ്. nipst.mgu.ac.in, 9446314151, 9645174637 ൽ ബന്ധപ്പെടുക.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷന് സെന്ററിൽ **കൂൺ കൃഷി'** എന്ന വിഷയത്തിൽ **26.11.2025** ന് ഒരു പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയങ്ങളിൽ **(10 മണി മുതൽ 5 മണി വരെ)** താഴെ പറയുന്ന ഫോണ് നമ്പറിൽ 25.11.2025 തീയതിയ്ക്കു മുമ്പായി ബന്ധപ്പെടുക. പരിശീലനഫീസ് ₹550/- രൂപ. **ഫോൺ നമ്പര് : 8547070773.**

4. മൈക്രോഗ്രീൻസ് കൃഷിരീതിയെ കുറിച്ച് വിഎഫ്പിസികെയുടെ നേതൃത്വത്തിൽ നവംബർ 27-ന് പരിശീലന പരിപാടി നടത്തുന്നു. രാവിലെ 10-ന് നെടുമ്പാശ്ശേരി പഞ്ചായത്ത് ഹാളിൽ നടക്കുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിന് 94460 30502, 94476 06625 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക .

5. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ നവംബർ 26, 27 എന്നീ തീയതികളിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

6. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) നടപ്പിലാക്കി വരുന്ന **കോൺട്രാക്ട്- കുടുംബശ്രീ ഇറച്ചിക്കോഴി വളർത്തൽ** പദ്ധതിയിലേയ്ക്ക് -കർഷകരെ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകൾ / ഇറച്ചി കോഴിവളർത്തുന്ന കർഷകർ എന്നിവരിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നു. ഒരു ദിവസം പ്രായമുള്ള ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ, നൽകി 40 ദിവസം അല്ലെങ്കിൽ 2 കിലോ ആകുമ്പോൾ ഇറച്ചികോഴികളെ തിരിച്ചെടുക്കുന്ന പദ്ധതിയാണ് ഇത്. ഇത് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി തിരുവനന്തപുരം പേട്ടയിൽ സ്ഥിതി ചെയ്യുന്ന കെപ്കോയുടെ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11.00 മുതൽ വൈകുന്നേരം 3.00 മണിവരെയുള്ള സമയത്ത് 9495000922, 0471-2468585 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. മഷ്റൂം ഫാർമേഴ്സ് ആൻഡ് ബൈപ്രോഡക്ട്സ് പ്രൊഡ്യൂസേഴ്സ് വെൽഫെയർ സൊസൈറ്റി കൂൺപുരയുടെ നേതൃത്വത്തിൽ **കൂൺ കൃഷി പരിശീലനം** സംഘടിപ്പിക്കും. ഈ മാസം 26 ന് രാവിലെ പത്ത് മുതൽ കൈമനം കൂൺപുരയിലാണ് സൗജന്യ പരിശീലനം. ഗ്രൂപ്പുകൾക്കും സംഘടനകൾക്കും അവരവരുടെ സ്ഥലത്ത് വെച്ച് പരിശീലനം നൽകുന്നതിനൊപ്പം കൃഷിക്ക് ആവശ്യമായ വിത്തും മറ്റ് സാധനങ്ങളും എത്തിച്ചു നൽകും. കൂടാതെ കർഷകരിൽ നിന്നും കൂൺ വിലക്കെടുക്കുകയും ചെയ്യും. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ 9847328975.

8. **കാർഷിക നിർദേശം**

കുരുമുളകിന്റെ കൊടിത്തലകൾ ശേഖരിക്കുന്നതിനു ആരോഗ്യമുള്ള മാതൃചെടികളെ ഇപ്പോൾ തിരഞ്ഞെടുക്കാവുന്നതാണ്. ഇതിനായി നടിൽ വസ്തുവായി ഉദ്ദേശിക്കുന്ന ചെന്തലകൾ മണ്ണിൽ പടരാൻ അനുവദിക്കാതെ കുരുമുളകു ചെടിയുടെ ചുവട്ടിൽ ഉറപ്പിച്ച ചെറിയ കമ്പുകളിൽ ചുറ്റി വയ്ക്കാവുന്നതാണ്.